(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി-ഡി) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ ഭാഗിക സാമ്പത്തിക സഹായത്തോടെ പാതാളത്ത് സ്ഥിരമായി റെഗുലേറ്റർ നിർമ്മിക്കുന്നതിന് ഗവൺമെന്റ് ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ പാതാളം റെഗുലേറ്റർ നിർദ്ദിഷ്ട സ്ഥലത്തുനിന്നും ഉദ്ദേശം ഒരു കിലോമീറ്റർ മുകളിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരിസ്ഥിതി പ്രവർത്തകരായ ശ്രീ. സീതാരാമനും മറ്റു ചില ആൾക്കാരുംചേർന്ന് നമ്പർ 35851/08-ആയി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിമുമ്പാകെ ഒരു കേസ് ഫയൽ ചെയ്യുകയുണ്ടായി.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി യുക്തമായ തീരുമാനമെടുക്കുവാൻ ജലസേചന ഭരണ വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ടവരിൽനിന്നും വിവരങ്ങൾ ശേഖരിക്കുകയും വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മുൻ നിശ്ചയിച്ച സ്ഥലത്തുതന്നെ സ്ഥാപിക്കുവാൻ തീരുമാനം എടുക്കുകയും തീരുമാനം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയേയും കേരള സർക്കാരിനേയും അറിയിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള എസ്റ്റിമെറ്റ് സർക്കാർ പരിശോധിച്ചു വരികയാണ്.

മണൽത്തിട്ട മണൽ മാഫിയകൾ കുഴിച്ചെടുക്കുന്നതിനെതിരെ നടപടി

100 (550) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാറിൽ ആലുവ പമ്പിംഗ് സ്റ്റേഷനിലേക്ക് ഉപ്പുവെള്ളം കടക്കാതിരിക്കാൻ നിലനിർത്തിയിട്ടുള്ള മണൽത്തിട്ടയിൽ നിന്ന് മണൽ മാഫിയ അമിതമായി മണൽ കുഴിച്ചെടുത്തതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) അമിതമായി മണൽഖനനം നടത്തിയതിനാൽ വെള്ളത്തിന്റെ സലൈനിറ്റി വർദ്ധിച്ചതുമൂലം, പമ്പിംഗ് സ്റ്റേഷനിലെ പമ്പിംഗ് നിർത്തി വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തവണ എന്നു വ്യക്തമാക്കുമോ ;

(സി) സലൈനിറ്റി തടയുന്നതിനുവേണ്ടിയുള്ള ഒരു സ്ഥിരം ബണ്ടിന്റെ നടപടിക്രമങ്ങൾ എതുവരെയായിയെന്ന് വ്യക്തമാക്കുമോ ; അടിയന്തരമായി ഇതു പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പെരിയാറിൽ ആലുവാ പമ്പിംഗ് സ്റ്റേഷനിലേക്ക് ഉപ്പുവെള്ളം കടക്കാതിരിക്കാൻ നിലനിർത്തിയിട്ടുള്ള മണൽത്തിട്ടയിൽനിന്ന് മണൽ മാഫിയ അമിതമായി മണൽ കുഴിച്ചെടുത്തതുമായി ബന്ധപ്പെട്ട് ഇറിഗേഷൻവകുപ്പിൽനിന്നും കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പമ്പിംഗ് രണ്ട് തവണ നിർത്തിവച്ചിട്ടുണ്ട്.

(സി)

1) സലൈനിറ്റി തടയുന്നതിനുവേണ്ടി പെരിയാർ പാതാളത്ത് ലോക്ക്-കം-റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള 20.20 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരികയാണ്.

2) പുറപ്പിള്ളിക്കാവിൽ ബ്രിഡ്ജ്-കം-റെഗുലേറ്റർ പണിയുന്നതിനുവേണ്ടി 68 കോടി രൂപയുടെ എസ്റ്റിമേറ്റിന് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഴശ്ശി ജലസേചന പദ്ധതി

101 (551) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ, പഴശ്ശി ജലസേചനപദ്ധതിയുടെ ഷട്ടർ കഴിഞ്ഞ ജനുവരി 19-ാം തീയതി തകർന്ന് ബാരേജിന് താഴത്തെ പ്രദേശത്തെ കൃഷി നശിക്കുകയും ജില്ലയുടെ ഭൂരിഭാഗം പ്രദേശത്തും കുടിവെള്ളത്തിന് സംഭരിച്ച വെള്ളം പാഴാവുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷവും റേഡിയൽ ഷട്ടറുകളിൽ ഒരു ഷട്ടർ വെള്ളം നിറഞ്ഞ് തകർന്നതിനാൽ അതിന് ശാശ്വതപരിഹാരമായി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) തകരാത്ത മറ്റു ഷട്ടറുകൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ ;

(ഡി) യഥാസമയം മെയിന്റനൻസ് നടത്തി ഷട്ടറുകളുടെയും, പദ്ധതിയുടെയും സുരക്ഷിതത്വം ഉറപ്പുവരുത്താൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) കണ്ണൂർ ജില്ലയിൽ കുടിവെള്ളത്തിന് തടസ്സമുണ്ടാകുന്നതരത്തിൽ ജലം പാഴായിപ്പോയിരിക്കുന്ന സാഹചര്യത്തിൽ കുടിവെള്ളത്തിന് ക്ഷാമം ഉണ്ടാകാതിരിക്കാൻ എന്ത് ബദൽ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഷട്ടർ തകർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം ഷട്ടർ തകർന്നപ്പോൾ കൂടുതൽ കേടുപാടുകൾ സംഭവിച്ച രണ്ട് ഷട്ടറുകൾ പുനഃസ്ഥാപിക്കുവാൻ 1 കോടി രൂപ അനുവദിച്ചു. അവയുടെ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു.

(സി) കേടായ ഷട്ടറുകൾ എല്ലാം മാറ്റുന്നതിനായി 5.5 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള പ്രവൃത്തികളുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly